# കേരള സർവകലാശാല

നം.പി.ആർ.32/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാ ഫീസ്

2020 മാർച്ച് 16 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.എസ്.എസ് (2019-2021) പി.ജി പരീക്ഷയ്ക്ക് പിഴയില്ലാതെ 2020 ഫെബ്രുവരി 28 വരെയും 150 രൂപ പിഴയോടെ മാർച്ച് 3 വരെയും 400 രൂപ പിഴയോടെ മാർച്ച് 5 വരെയും അപേക്ഷിക്കാവുന്നതാണ്.

2019 സെപ്റ്റംബർ മാസം നടത്തിയ പാർട്ട് 3 ബികോം ആനുവൽ പ്രൈവറ്റ് & എസ്.ഡി.ഇ (റിസൾട്ട് അന്നൗൻസ്സ് ലേറ്റർ ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. തോറ്റ വിദ്യാർഥികൾക്ക് ഏപ്രിൽ മാസത്തെ പരീക്ഷയ്ക്ക് പിഴയില്ലാതെ 2020 ഫെബ്രുവരി 12 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും ഫീസൂച്ച് അപേക്ഷിക്കാവുന്നതാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 2020 ഫെബ്രുവരി 19. വിശദവിവരം വെബ്സൈറ്റിൽ.

### മൂല്യനിർണയം

2019 ഡിസംബർ മാസം നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്സി /ബി.കോം പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയം 2020 ഫെബ്രുവരി 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനാൽ, ഫെബ്രുവരി 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ അതത് വിഷയങ്ങളുടെ ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, ചീഫ് എക്സാമിനർ എന്നിവർ മുൻപ് നിശ്ചയിച്ച പ്രകാരമുള്ള മൂല്യനിർണയ കേന്ദ്രങ്ങളിൽ നിർബന്ധമായും ഹാജരാകേണ്ടതാണ്.

<u>സീറ്റ് ഒഴിവ്</u>

സർവകലാശാല അറബി വിഭാഗം നടത്തുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് രണ്ടാം ബാച്ചിലേക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ കാര്യവട്ടത്തുള്ള അറബിക് പഠന വകുപ്പുമായി ബന്ധപ്പെടുക. ഫോൺ:0471 2308846, 9446827141

കാഞ്ഞിരംകുളം ഗവൺമെൻറ് കെ.എൻ.എം ആർട്ട്സ് ആൻഡ് സയൻസ് കോളേജിൽ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ യൂണിറ്റിൽ 2020 ഫെബ്രുവരി 8ന് ആരംഭിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (CLiSc - 6മാസം) ബാച്ചിൽ ഏതാനം സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ ഫെബ്രുവരി 14 ന് (വെള്ളിയാഴ്ച). അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ ഓഫീസിൽ എത്തിച്ചേരണം. യോഗ്യത: പ്ലസ്ടു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
11.02.2020